**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയ്ക്കൽ നഗരസഭ - ഭവനശ്രീ പദ്ധതിക്കായി ഹഡ്കോയിൽ നിന്നും 3,20,00,000/- (മൂന്നു കോടി ഇരുപത് ലക്ഷം) രൂപ വായ്പ എടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ (സാധാ) നം.2982/16/തസ്വഭവ തിരുവനന്തപുരം, തീയതി : 02.10.2016.

---

പരാമർശം -
1. കോട്ടയ്ക്കൽ നഗരസഭ സെക്രട്ടറിയുടെ 5/4/2016 ലെ PO/13189/14 നമ്പർ കത്ത്.
2. നഗരകാര്യ ഡയറക്ടറുടെ 8/4/2016 - ലെ ഡി.സി3-8257/16 നമ്പർ കത്ത്.
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മറ്റിയുടെ 27-07-2016-ലെ 2.1 നമ്പർ തീരുമാനം.
4. സ.ഉ(എം.എസ്) നം. 83/13/ തസ്വഭവ തീയതി: 11/03/2013.
5. സർക്കാർ കത്ത് നം.242/ഡിബി1/2016/തസ്വഭവ, തിയ്യതി.14/10/2016.

**ഉത്തരവ്**

കോട്ടയ്ക്കൽ നഗരസഭയിലെ ബി.പി.എൽ വിഭാഗത്തിൽപ്പെടുന്ന 160 കുടുംബങ്ങൾക്കായി നടപ്പിലാക്കുന്ന ഭവനശ്രീ പദ്ധതിക്ക് സാമ്പത്തിക സഹായം നൽകുന്നതിനായി ഹഡ്കോയിൽ നിന്നും 3,20,00,000/- (മൂന്നു കോടി ഇരുപത് ലക്ഷം) രൂപ വായ്പ എടുക്കുന്നതിന് അനുമതി നൽകണമെന്ന് കോട്ടയ്ക്കൽ നഗരസഭ സെക്രട്ടറി പരാമർശം ഒന്ന് പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി. ആയതിന് നഗരകാര്യ ഡയറക്ടർ പരാമർശം (2) പ്രകാരം ശുപാർശ ചെയ്തിട്ടുമുണ്ട്. കൂടാതെ, വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മറ്റി പരാമർശം (3) പ്രകാരം ഈ പദ്ധതിയ്ക്ക് അനുമതി നൽകുന്നതിനും തീരുമാനിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടയ്ക്കൽ നഗരസഭയിലെ ബി.പി.എൽ വിഭാഗത്തിൽപ്പെടുന്ന 160 കുടുംബങ്ങൾക്ക് നഗരസഭ നടപ്പിലാക്കുന്ന ഭവനശ്രീ പദ്ധതിക്ക് സാമ്പത്തിക സഹായം നൽകുന്നതിന് പരാമർശം (4) ലെ സർക്കാർ ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായും, കേരള ലോക്കൽ അതോറിറ്റീസ് ലോൺ ആക്റ്റ് സെക്ഷൻ III പ്രകാരവും ഹഡ്കോയിൽ നിന്നും, നിബന്ധനകൾക്ക് വിധേയമായി 3,20,00,000/- (മൂന്നു കോടി ഇരുപത് ലക്ഷം) രൂപ വായ്പ എടുക്കുന്നതിനും പ്രസ്തുത ലോണിലേക്ക് പ്രതിവർഷം നിശ്ചയിക്കുന്ന തിരിച്ചടവ് നഗരസഭയ്ക്ക് അനുവദിക്കുന്ന പ്ലാൻ ഫണ്ടിൽ സേവന മേഖലയിലെ ഭവന നിർമ്മാണ പ്രോജക്ട് ഇനത്തിൽ വകയിരുത്തി തിരിച്ചടവ് നടത്തുന്നതിനും സർക്കാർ അനുമതി നൽകി ഉത്തരവാകുന്നു.

ഹഡ്‌കോയിൽ നിന്നും ഭവനശ്രീ പദ്ധതിയ്ക്കായി എടുക്കുന്ന 3.20 കോടി രൂപയുടെ ലോണിന്മേൽ, തിരിച്ചടവ് മുടങ്ങിയാൽ, ആയത് നഗരസഭയ്ക്ക് അനുവദിക്കുന്ന പ്രതിവർഷ ജനറൽപർപ്പസ് ഗ്രാന്റിൽ നിന്നും ഈടാക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എ.കെ. മോഹനകുമാർ**
**ജോയിന്റ് സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം,
സെക്രട്ടറി, കോട്ടയ്ക്കൽ നഗരസഭ,
എക്സിക്യൂട്ടീവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം. (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകിരക്കുന്നതിന്)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ &ഇ)) കേരളം, തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**